(ഇ) ഹാരിസൺ മലയാളം പ്ലാന്റേഷന് 6070.553 ഏക്കർ വനഭൂമിയാണ് പാട്ടത്തിന് നൽകിയിട്ടുള്ളത്. പ്രസ്തുത പാട്ടഭൂമി വിൽപ്പന നടത്തിയതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഈ പാട്ടഭൂമിയിലെ ഭാഗമായ 420 ഹെക്ടർ ഹാരിസൺ മലയാളം പ്ലാന്റേഷൻ പല കർഷകർക്കായി സബ് ലീസ് ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹാരിസൺ മലയാളം പ്ലാന്റേഷന് പാട്ടത്തിന് നൽകിയ വനഭൂമിയുടെ പാട്ടക്കാലാവധി കഴിഞ്ഞിട്ടില്ല.

വ്യാജമദ്യനിർമ്മാണവും വിൽപ്പനയും

*7 [275] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:*
" *കോടിയേരി ബാലകൃഷ്ണൻ:*
" *കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജമദ്യത്തിന്റെ നിർമ്മാണവും വിൽപ്പനയും വർദ്ധിച്ച് വരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യാജമദ്യ നിർമ്മാണവും വിൽപ്പനയും കണ്ടുപിടിക്കുന്നതിന് സർക്കാർ റെയ്ഡ് നടത്താറുണ്ടോ; എങ്കിൽ കഴിഞ്ഞ 6 മാസത്തിനുള്ളിൽ എത്ര റെയ്ഡുകളാണ് നടത്തിയത്;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):*

(എ) വർദ്ധിച്ച് വരുന്നതായി അറിവില്ല.

(ബി) റെയ്ഡുകൾ നടത്താറുണ്ട്. എക്സൈസ് വകുപ്പ് 84072 റെയ്ഡുകളും പോലീസ് വകുപ്പ് 19152 റെയ്ഡുകളും നടത്തിയിട്ടുണ്ട്.

(സി) എക്സൈസ് വകുപ്പ് 2551 കേസുകളും പോലീസ് വകുപ്പ് 1971 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

എറണാകുളം-കായംകുളം റെയിൽപ്പാതയുടെ ഇരട്ടിപ്പിക്കലിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

*8 [276] *ശ്രീ. തോമസ് ഉണ്ണിയാടൻ:*
" *സുധീരൻ ജോർജ്:*
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എറണാകുളം-കായംകുളം റെയിൽപ്പാതയുടെ ഇരട്ടിപ്പിക്കലിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly